പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 3292 | 14/03/2018 ൽ മറുപടി നല്കേണ്ടത്. |

## ഹോട്ടലുകളിലേയും ബേക്കറികളിലേയും ഭക്ഷ്യോത്പന്നങ്ങളിലെ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഹോട്ടലുകളിലേയും ബേക്കറികളിലേയും ഭക്ഷ്യോത്പന്ന ങ്ങളിൽ ആരോഗ്യത്തിന് ഹാനികരങ്ങളായ മാരക വസ്തുക്കൾ കലർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| ബി) | കഴിഞ്ഞ വർഷത്തിൽ എത്ര കേസ്സുകൾ ഈയിനത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; | ബി) | കഴിഞ്ഞ വർഷം സംസ്ഥാനത്ത് ഈയിനത്തിൽ 96 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് . |
| സി) | ഭക്ഷ്യോത്പന്നങ്ങളിൽ മായം ചേർക്കുന്നത് തടയാനും വിഷ രഹിത ഭക്ഷണം ലഭ്യമാക്കാനും എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | സി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിലും ഓണം, റംസാൻ, ബക്രീദ്, ക്രിസ്മസ്സ്- പുതുവത്സരം, തുടങ്ങിയ ആഘോഷ വേളകളിലും, ഉത്സവ (ആറ്റുകാൽ പൊങ്കാല, ശബരിമല തുടങ്ങിയവ) സീസണുകളിലും മഴക്കാലത്തും പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്ന സമയങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട് . പ്രസ്തുത പരിശോധനകളിൽ മായം കലർത്തുന്നതായും അനുവദനീയമല്ലാത്ത വസ്തുക്കളും ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നതായും കണ്ടെത്തിയാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.<br>സംസ്ഥാനത്ത് കഴിഞ്ഞ വർഷം പരിശോധന നടത്തി ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയച്ചതിൽ മായം കലർത്തിയതായി കണ്ടെത്തിയ 96 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ